## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.77 | | 28.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **വഴിയോരക്കച്ചവടം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | യാത്രക്കാർക്ക് അസൗകര്യമാകാത്ത വിധത്തിൽ വഴിയോരക്കച്ചവടം നടത്തുന്നവരുടെ തൊഴിൽ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ദേശീയ ജീവനോപാധി ദൗത്യം പദ്ധതിയുടെ ഒരു ഘടകമാണ് നഗര വഴിയോര കച്ചവടക്കാർക്കുള്ള സഹായം. നിലവിൽ നഗരങ്ങളിൽ മാത്രമാണ് വഴിയോരകച്ചവടക്കാരെ സഹായിക്കുന്നതിന് പദ്ധതി ഉള്ളത്. പ്രസ്തുത പദ്ധതി പ്രകാരം, നഗരങ്ങളിലെ വഴിയോരകച്ചവടക്കാരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തുന്നതിനും, കണ്ടെത്തിയ യഥാർത്ഥ തെരുവ് കച്ചവടക്കാർക്ക് ലൈസൻസും, തിരിച്ചറിയൽ കാർഡും നൽകി, വഴിയോരകച്ചവടം നിയമവിധേയമാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ പദ്ധതി പ്രകാരം, വഴിയോരകച്ചവടക്കാർക്ക്, കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനും, അവർക്ക് ആവശ്യമായ പരിശീലനം നൽകി, മികച്ച സേവനം പ്രദാനം ചെയ്യുന്ന വഴിയോരകച്ചവടക്കാരാക്കുന്നതിനും, ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിപ്പിക്കുന്നതിനും, ആരോഗ്യ സംരക്ഷണം, ഇൻഷുറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട നഗരസഭകളാണ്.<br>ടി പദ്ധതി നിലവിൽ തിരഞ്ഞെടുത്ത 14 നഗരങ്ങളിൽ നടപ്പിലാക്കി വരുന്നു. വൈകാതെ തന്നെ പദ്ധതി മറ്റെല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ ഭാഗമായി വഴിയോരകച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കഴിയുന്നതാണ്. ആതിന് നഗരസഭകൾ പദ്ധതി തയ്യാറാക്കുന്ന പക്ഷം, ആയതിന്റെ കൺസൾട്ടൻസി ഫീസും, പദ്ധതി തുകയും എൻയുഎൽഎം ഫണ്ടിൽ നിന്നും നൽകുന്നതാണ്. |
| (ബി) | കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ വഴിയോര കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമം നിർമ്മിക്കാൻ നടപടിയുണ്ടാകുമോ; | (ബി) | വഴിയോരകച്ചവട (വഴിയോരകച്ചവട നിയന്ത്രണവും ജീവനോപാധി സംരക്ഷണവും), നിയമം 2014-ൽ കേന്ദ്ര സർക്കാർ പാസാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടവും, സ്കീമും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന തലത്തിൽ പുതിയ ഒരു നിയമം രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയിലെയും പരമ്പരാഗത തൊഴിൽ മേഖലയിലെയും പ്രതിസന്ധി കൊണ്ട് തെരുവോര കച്ചവടത്തിലേക്ക് നയിക്കപ്പെടുന്നവർക്ക് നിയമപരമായി ലഭിക്കേണ്ട പരിരക്ഷ ഉറപ്പാക്കാനും ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കാനും ഉചിതമായ സ്ഥലത്ത് കച്ചവടം നടത്താൻ അനുമതി നൽകാനും നടപടിയുണ്ടാകുമോ? | (സി) | തെരുവോര കച്ചവട **നിയമം** 2014, അനുശാസിക്കുന്ന എല്ലാ പരിരക്ഷയും, സംരക്ഷണവും, ഉറപ്പിൽ വരുത്തുകയും വഴിയോരകച്ചവടക്കാർക്കുള്ള മറ്റു ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ്. നിയമ പ്രകാരം ബന്ധപ്പെട്ട നഗരസഭകളാണ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത്. ഇതിനാവശ്യമായ സാമ്പത്തിക/സാങ്കേതിക സഹായം ദേശീയ ഉപജീവന ദൗത്യം വഴി നഗരസഭകൾക്ക് നൽകുന്നതാണ്. ആയതിന് അർഹരായവരെ കണ്ടെത്തി ലൈസൻസും തിരിച്ചറിയൽ കാർഡും നൽകിയ ശേഷം, ഇവരെ ഉചിതമായ സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതാണ്. നിലവിലുള്ള മാസ്റ്റർ പ്ലാനുകളിൽ, സ്ഥലപരമായ ആസൂത്രണത്തിലൂടെ CTP/DTP കളിൽ ആവശ്യമായ വകയിരുത്തലുകൾ നടത്തി, സ്ഥലം കണ്ടെത്തുന്നതിന്, നഗരസഭകൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ